പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 5885

08/07/2013 ൽ
മറുപടിക്ക്

## വിദേശത്തുള്ള മലയാളി കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) മറുനാടൻ മലയാളികൾക്കായി കേരളീയ കലകളിൽ അഭിരുചി വളർത്തുന്നതിനായി കേരള സാഹിത്യ അക്കാദമി, കേരള സംഗീത-നാടക അക്കാദമി, മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമി തുടങ്ങിയവയുടെ പരിപാടികൾ മറുനാടുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും സഹായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ; | (എ), & (ബി) | സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ മറുനാടൻ മലയാളികൾക്കായി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) വിദേശത്തുള്ള മലയാളി കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ഭാരത് ഭവൻ

കേരളീയ സംസ്കാരം, കല, ആചാരാനുഷ്ഠാനങ്ങൾ, ഭക്ഷണരീതി തുടങ്ങിയവ മറ്റു സംസ്ഥാനങ്ങളിലും മറുനാടൻ മലയാളികളിലും എത്തിക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഭാരത് ഭവൻ, അതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മറുനാടൻ മലയാളികളിലെത്തിക്കുന്നതിന്റെ ഭാഗമായി, അമേരിക്കൻ നഗരങ്ങളിൽ കലാസാംസ്കാരിക സമ്മേളനങ്ങൾ, പ്രശസ്ത അമേരിക്കൻ മലയാളി സംഘടനകളായ ഫൊക്കാന (ഹൂസ്റ്റൺ), കേരള അസോസിയേഷൻ (ഡാലസ്), മലയാളവേദി (ഷിക്കാഗോ), മലയാളം കൾച്ചറൽ സെന്റർ (ലോസ് ആഞ്ചലസ്), വിചാരവേദി (ന്യൂയോർക്ക്) എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിക്കുകയുണ്ടായി.

### കേരള സാഹിത്യ അക്കാദമി

മറുനാടൻ മലയാളികൾക്കായി കേരള സാഹിത്യ അക്കാദമി ഈ സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത പരിപാടികൾ താഴെപറയുന്നു.

1. എസ്കെ.പൊറ്റക്കാട് ജന്മശതാബ്ദിയാഘോഷം, പ്രമുഖ മലയാളി എഴുത്തുകാരെ പങ്കെടുപ്പിച്ചുകൊണ്ട് ന്യൂഡൽഹിയിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.
2. ലക്ഷദ്വീപ് സാഹിത്യ ക്യാമ്പ്, ലക്ഷദ്വീപിൽ സാഹിത്യ സാംസ്കാരിക വിനിമയ പരിപാടി സംഘടിപ്പിക്കുന്നതാണ്.
3. ഓഥേഴ്സ് ഗിൽസുമായി സഹകരിച്ച് ചെന്നൈ സാഹിത്യ സംഗമം.
4. മുബൈ, പൂന എന്നിവിടങ്ങളിൽ സാഹിത്യസംഗമം.

കൂടാതെ, ഖത്തർ മലയാളി സമാജം താൽപ്പര്യപ്പെട്ടതു പ്രകാരം ഖത്തറിലും, അബുദാബി മലയാളി സമാജം താൽപ്പര്യപ്പെട്ടതുപ്രകാരം അബുദാബിയിലും സാഹിത്യ സാംസ്കാരിക പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

### കേരള കലാമണ്ഡലം

കേരള കലാമണ്ഡലത്തിന്റെ കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം, തുള്ളൽ തുടങ്ങിയവ മറുനാടുകളിൽ വിവിധ കലാ സാംസ്കാരിക സംഘടനകൾ/ഔദ്യോഗിക സ്ഥാപനങ്ങൾ എന്നിവയുടെ ക്ഷണപ്രകാരം നടത്തിവരുന്നുണ്ട്. വിദേശത്തുള്ള മലയാളി കലാകാരന്മാർക്കും അവരുടെ അർഹതയ്ക്കനുസരിച്ച് കലാമണ്ഡലത്തിൽ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നല്കുന്ന കാര്യം പരിഗണനയിലുണ്ട്.

### മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി

കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിലും ഗൾഫ് രാഷ്ട്രങ്ങളിലും മാപ്പിളകലകളും മാപ്പിളപ്പാട്ടും അടങ്ങിയ മാപ്പിള സാഹിത്യത്തെ പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും മാപ്പിളകലാകാരന്മാരുടെയും മാപ്പിളപ്പാട്ട് ഗായകരുടെയും വളർച്ചയ്ക്കുള്ള പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി തീരുമാനിച്ചിട്ടുണ്ട്.

**കേരള ലളിത കലാ അക്കാദമി**

2013-14 സാമ്പത്തിക വർഷത്തിലെ കേരള ലളിതകലാ അക്കാദമിയുടെ കർമ്മ പദ്ധതിയിൽ മറുനാടൻ മലയാളി കലാകാരന്മാർക്കായി പ്രത്യേക ക്യാമ്പുകളും എക്സിബിഷനുകളും നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. 'പ്രവാസി ഭാരതീയ ദിവസ് 2013' ന്റെ ഭാഗമായി ഇന്ത്യയ്ക്ക് പുറത്ത് താമസിക്കുന്ന ചിത്രകാരന്മാരെ സംഘടിപ്പിച്ചുകൊണ്ട് ഒരു ചിത്രപ്രദർശനം കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ 2013 ജനുവരിയിൽ കൊച്ചിയിലെ ബോൾഗാട്ടി പാലസ്സിൽ വെച്ച് സംഘടിപ്പിച്ചിരുന്നു. കൂടാതെ പ്രവാസി മലയാളി കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യാനും അക്കാദമി ഉദ്ദേശിക്കുന്നുണ്ട്.

**കേരള ഫോക്‌ലോർ അക്കാദമി**

മറുനാടൻ മലയാളികളുടെ ഇടയിൽ പ്രവർത്തിച്ചു വരുന്ന രജിസ്ട്രേഡ് സംഘടനകൾക്ക് ഫോക്‌ലോർ അക്കാദമിയുടെ അഫിലിയേഷൻ നൽകാനും അതുവഴി കേരളീയ കലകളിൽ മറുനാടൻ മലയാളികളുടെ അഭിരുചി വളർത്തുവാനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാടൻകലകളിൽ പ്രാവീണ്യമുള്ള വിദേശ മലയാളികളെ പ്രോത്സാഹിപ്പിക്കുന്നതിനായി അക്കാദമി അവാർഡ് നൽകുന്നുണ്ട്.

**കേരള സംഗീത നാടക അക്കാദമി**

കേരള സംഗീത നാടക അക്കാദമി നോർക്ക റൂട്ട്സുമായി സഹകരിച്ച് മറ്റ് സംസ്ഥാനങ്ങളിൽ പ്രവാസി മലയാളികൾക്കായി കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്. വിദേശത്തും മറ്റ് സംസ്ഥാനങ്ങളിലുമുള്ള പ്രവാസി മലയാളികളുടെ സർഗ്ഗ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രവാസി സാഹിത്യ പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**